"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - V.C. 5/2024/MPM - മലപ്പുറം കോട്ടയ്ക്കൽ നഗരസഭയിലെ കോട്ടക്കുളം എന്ന സ്ഥലത്ത് ഭൂമി തരംമാറ്റി റോഡ്നിർമ്മിച്ചതിലെ ക്രമക്കേടുകൾ- 09.08.2024-ലെ സർക്കാർഉത്തരവുപ്രകാരം സസ്പെൻഷനിൽ തുടരുന്ന കോട്ടക്കൽ നഗരസഭ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ക്ലമന്റ് പി.(PEN:133794)-യെ സേവനത്തിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.148/2026/LSGD     തീയതി,തിരുവനന്തപുരം, 16-01-2026

---

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 17.05.2024-ലെ C5-(VC-5/2024/MPM) 18886/2024/DVACB നമ്പർ അന്വേഷണ റിപ്പോർട്ട്
2. വിജിലൻസ് വകുപ്പിന്റെ 18.07.2024-ലെ വിജി-എഫ്1/382/2023/വിജി നമ്പർ കത്ത്.
3. സ.ഉ. (സാധാ) നം. 1492/2024/LSGD തീയതി 09.08.2024
4. 12.11.2025-ൽ ചേർന്ന സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ മിനിറ്റ്സ്

**<u>ഉത്തരവ്</u>**

2020-2021 വർഷത്തിൽ മലപ്പുറം ജില്ലയിലെ കോട്ടക്കൽ നഗരസഭയിലെ കോട്ടക്കുളം എന്ന സ്ഥലത്ത് ഭവനരഹിതർക്ക് വീട് നിർമ്മാണത്തിനായി നഗരസഭ നീക്കിവച്ച 74 സെന്റ് ഭൂമിയിലൂടെ ടി സ്ഥലത്തിന് പടിഞ്ഞാറ് ഭാഗത്തുള്ള സ്വകാര്യവ്യക്തികൾക്ക് സാമ്പത്തിക ലാഭമുണ്ടാക്കികൊടുക്കുക എന്ന ദുരുദ്ദേശ്യത്തോടെ ഒരു പുതിയ റോഡ് നിർമ്മിക്കുക വഴി 9.40 സെന്റ് സ്ഥലം നഗരസഭക്ക് നഷ്ടം വരുത്തുകയും, റോഡ് നിർമ്മാണത്തിനായി സ്വകാര്യവ്യക്തി നൽകിയ 2.82 സെന്റ് ഭൂമിയിൽ നിന്നും 0.89 സെന്റ് സ്ഥലം മാത്രം റോഡ് പണിക്കായി ഉപയോഗിച്ചതിലൂടെ വീണ്ടും 1.97 സെന്റ് സ്ഥലം കൂടി നഷ്ടപ്പെടുത്തുകയും ചെയ്തതുവഴി നഗരസഭയുടെ ആസ്തിയിലുള്ള സ്വത്തുവകകൾ നഷ്ടപ്പെടുത്തി ദുരുപയോഗം ചെയ്ത് കുറ്റകരമായ നടപടി ദൂഷ്യം ചെയ്തതായും റോഡ് നിർമ്മാണത്തിൽ ബാക്കി വന്ന 4,84,531/- രൂപ പ്രോജക്റ്റിലോ റിവൈസ്ഡ് എസ്റ്റിമേറ്റിലോ ഇല്ലാത്ത മറ്റൊരു റോഡിന്റെ പ്രവൃത്തിയിലേക്ക് മാറ്റുക വഴി കുറ്റം ചെയ്യണമെന്ന ഉദ്ദേശ്യത്തോടും, കരുതലോടും കൂടി കുറ്റകരമായ ഗൂഢാലോചന നടത്തി തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് നഗരസഭക്ക് ഭീമമായ നഷ്ടം വരുത്തിയതായുള്ള

കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ, മുൻ കോട്ടക്കൽ നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ക്ലമന്റ് പി.(PEN 133794)-ക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ U/s.13(2) r/w 13(1)(a) of PC Act & Sec.409, 120B r/w 34 of IPC പ്രകാരം VC 5/2024/MPM നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതായും ടിയാൻ സേവനത്തിൽ തുടരുന്നത് ടി കേസിന്റെ സ്വതന്ത്രവും നീതിപൂർവ്വകവുമായ അന്വേഷണത്തിന് തടസ്സമാകും എന്നതിനാൽ ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ക്ലമന്റ് പി.(PEN 133794)-യെ സേവനത്തിൽ നിന്ന് അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

**2.** 12.11.2025-ൽ ചേർന്ന വിജിലൻസ് സസ്പെൻഷൻ റിവ്യൂ കമ്മിറ്റി, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ക്ലമന്റ് പി.-യെ സർവ്വീസിൽ പുന:പ്രവേശിപ്പിക്കുവാനും മലപ്പുറം ജില്ലയ്ക്ക് പുറത്ത് നിയമിക്കുവാനും പരാമർശം (4) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (3) ഉത്തരവ് പ്രകാരം സസ്പെൻഷനിൽ തുടരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ക്ലമന്റ് പി.(PEN 133794)-യെ ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ പുനഃപ്രവേശിപ്പിക്കുവാൻ ഉത്തരവാകുന്നു.

**4.** സേവനത്തിൽ പുനഃപ്രവേശിപ്പിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ക്ലമന്റ് പി.(PEN 133794)-യ്ക്ക് മലപ്പുറം ജില്ലയും ടിയാളുടെ വാസസ്ഥലമായ തിരുവനന്തപുരം ജില്ലയും ഒഴിച്ചുള്ള മററുജില്ലകളിലൊന്നിൽ പോസ്റ്റിങ്ങ് നൽകുവാൻ നിയമനാധികാരിയായ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീ. ക്ലമന്റ് പി.(PEN 133794), അസിസ്റ്റന്റ് എഞ്ചിനീയർ **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**.
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം **(ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**.
3. ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള, തിരുവനന്തപുരം.
5. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ് (അറിവിലേക്കായി)
6. വിജിലൻസ് (ഡി) വകുപ്പ് (22.12.2025-ലെ വിജി-എഫ്1/382/2023/വിജി പ്രകാരം)
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
8. സ്റ്റോക്ക് ഫയൽ (EWA2/39/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 17-01-2026 11:10:53
സെക്ഷൻ ഓഫീസർ